"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് -സാമ്പത്തിക സ്ഥിതിവിവരകണക്കു വകുപ്പ്-കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ-3454-02-112-88 എന്ന സ്കീമിന് കീഴിൽ വിവിധ പഠനങ്ങൾക്കായി 3 റിസർച്ച് അസോസിയേറ്റുമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.536/2025/P&EA തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:-

1. 14/03/2020 ലെ ജി.ഒ. (എം.എസ്) നം.11/2020/പിഎൽജി
2. 04.03.2025-ലെ സ.ഉ.(സാധാ) നം.79/2025/P&EA
3. 18.07.2025-ലെ G.O.(Rt)No.294/2025/P&EA
4. കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ സെക്രട്ടറിയുടെ 13.08.2025 തീയതിയിലെ എസ്(1)92/2025/കെ.എസ്.എസ്.സി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം രൂപീകരിച്ച കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ പ്രവർത്തന കാലാവധി പരാമർശം (2) പ്രകാരം 13.03.2026 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നിലവിൽ കമ്മീഷനിൽ വളരെ പരിമിതമായ എണ്ണം സ്റ്റാഫ് മാത്രമേയുള്ളൂ എന്നും ആയതിനാൽ സർക്കാരിന് ആവശ്യമായ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കുവാൻ റിസർച്ച് അസിസ്റ്റന്റ്/റിസർച്ച്അസോസിയേറ്റ്സ്മാരുടെ സേവനം അത്യാവശ്യമാണെന്നും കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരിച്ച ശേഷം കൺസൽട്ടന്റ്/ റിസർച്ച് അസ്സോസിയേറ്റ്സ്/ റിസർച്ച് അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ നാളിതുവരെ നിയമനം നടത്തിയിരുന്നില്ലെന്നും 2025-26 വർഷം കൺസൽട്ടൻ്റ്മാരെ നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതിനാൽ വിവിധ സെക്ടറുകളിലെ പഠനങ്ങൾക്കായി 3 റിസർച്ച് അസ്സോസിയേറ്റ്മാരെ 4 മാസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ-3454-02-112-88 എന്ന സ്കീമിന് കീഴിൽ Payment

for Consultants on Contract basis എന്ന ഘടകത്തിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷനിൽ വിവിധ പഠനങ്ങൾക്കായി 3 റിസർച്ച് അസോസിയേറ്റുമാരെ, 40,000 രൂപ പ്രതിമാസ വേതനത്തോടെ കമ്മീഷൻ കാലാവധി അവസാനിക്കുന്നത് വരെയോ അല്ലെങ്കിൽ 31/3/2026 വരെയോ ഏതാണോ ആദ്യം അതു വരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
5. ധനകാര്യ വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Unnikrishnan Nair. B. S

Date: 01-01-2026 10:46:55

സെക്ഷൻ ഓഫീസർ